# തെങ്ങിൽ നിന്നും നീരാ ഉൽപ്പാദിപ്പിക്കാൻ പദ്ധതി: മുഖ്യമന്ത്രി

കാസർകോട്:നാളികേര കർഷകരെ രക്ഷിക്കാൻ തെങ്ങിൽ നിന്നും നീരാ ഉൽപ്പാദിപ്പിക്കുന്ന പദ്ധതി ഗൗരവമായി കാണുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രസ്താവിച്ചു. കാസർകോട് സിപിസിആർഐയിൽ കേരാധിഷ്ഠിത സംരംഭ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി നടന്ന കർഷക സംഗമം പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. നീര ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ എക്സൈസ് വകുപ്പ് പ്രത്യേകം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികൾ, കർഷകർ, ഉദ്യോഗസ്ഥർ എന്നിവരുടെ പ്രതിനിധികൾ ഉൾപ്പെട്ട കമ്മിറ്റിയുടെ ശുപാർശകൾ പരിശോധിച്ച ശേഷം നടപടി എടുക്കും. നീര ഉൽപ്പാദനം സംബന്ധിച്ച് തൊഴിലാളികളുടെ ആശങ്ക പരിഹരിക്കും. നീര ഉൽപ്പാദിപ്പിക്കുന്നതോടെ തെങ്ങിൽ നിന്നും കിട്ടുന്ന ആദായം പല മടങ്ങ് വർദ്ധിക്കും.

തെങ്ങു ഗവേഷണ രംഗത്ത് നല്ല പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ടെങ്കിലും റബ്ബർ ബോർഡിന്റെ മുന്നേറ്റങ്ങളൊന്നും കേരളത്തിന്റെ തനതുവിളയായ നാളികേരത്തിൽ നിന്നും ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. ഉൽപ്പാദനത്തിലും വരുമാനത്തിലും റബ്ബർ കൃഷി എന്നും മുന്നിൽ തന്നെ. തെങ്ങിന്റെ രോഗം ഈ കൃഷിക്ക് തിരിച്ചടിയായി. തേങ്ങയുടെ വിലയിടിവും തെങ്ങു കൃഷി ലാഭകരമല്ലാതാക്കി.

നാളികേര ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിലൂടെ മാത്രമെ കർഷകർക്ക് പിടിച്ചു നിൽക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഈ മേഖലയിൽ കേരളത്തിന്റെ സംഭാവനകൾ കുറവാണ്. സിപിസിആർഐ ഡയറക്ടർ ഡോ.ജോർജ് പി.തോമസ് സ്വാഗതം പറഞ്ഞു.